പ്രവർത്തനങ്ങൾ, സംസ്ഥാന സർക്കാർ വകുപ്പുകളുമായി യോജിച്ചുകൊണ്ട് നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യൂത്ത് കോർഡിനേറ്റർമാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കേന്ദ്ര യുവജനക്ഷേമ വകുപ്പിനോട് ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് ഒഴിവുകൾ ഉള്ളത്.

(ബി) നെഹ്രു യുവക്കേന്ദ്ര യുവജനക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര ഏജൻസിയാണ്. സംസ്ഥാന യുവജനക്ഷേമവകുപ്പുമായി യോജിച്ചുപ്രവർത്തിക്കുന്ന സംവിധാനം നിലവിലില്ല. എന്നാൽ, കാസർഗോഡ് യൂത്ത് കോർഡിനേറ്റർക്ക് കണ്ണൂർ ജില്ലയുടെയും, മലപ്പുറം ജില്ലാ കോർഡിനേറ്റർക്ക് പാലക്കാട് ജില്ലയുടെയും അധിക ചുമതല നൽകിയിട്ടുള്ളതായി, നെഹ്റു യുവകേന്ദ്ര സോണൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) യൂത്ത് കോർഡിനേറ്റർമാരുടെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി നെഹ്റു യുവക് കേന്ദ്ര സോണൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

23 (932) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെയും പട്ടികവർഗ്ഗ വകുപ്പിന്റെയും കീഴിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ ഇപ്പോൾ ഏതെല്ലാം ട്രേഡുകളിലാണ് അദ്ധ്യയനം നൽകുന്നത്;

(ബി) ഇത്തരം സ്ഥാപനങ്ങളിലെ ഓരോ ട്രേഡിലും പരിശീലനം ലഭിച്ച എത്ര പേർ സംസ്ഥാനത്തുണ്ട്;

(സി) പരിശീലനം നേടിയ ട്രേഡ് മുഖേന ഉപജീവനം നടത്തുന്ന എത്രപേർ സംസ്ഥാനത്തുണ്ട്;

(ഡി) ബാക്കിയുള്ളവർക്ക് അവർ പരിശീലനം നടത്തിയ ട്രേഡ് മുഖേന ഉപജീവനം നടത്തുവാൻ എന്തെല്ലാം സഹായം നൽകുന്നുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി. കളിൽ പ്ലംബർ, കാർപ്പന്റർ, കട്ടിംഗ് ആന്റ് ട്രെയിലറിംഗ്, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവെയർ, പെയിന്റർ (ജനറൽ), മെക്കാനിക് റേഡിയോ-ആന്റ് ടെലിവിഷൻ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) വെൽഡർ എന്നീ ട്രെയിഡുകളിലും പട്ടികവർഗ്ഗ വികസന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.യിൽ ഇലക്ട്രിക്കൽ ട്രെയിനിംഗിലുമാണ് അദ്ധ്യയനം നൽകുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിശീലനം നേടിയ ട്രേഡ് മുഖേന ഉപജീവനം നടത്തുന്നവരുടെ സ്ഥിതി വിവരക്കണക്ക് ലഭ്യമല്ല.

(ഡി) ഐ.ടി.സി.കളിലെ പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയ പരിശീലകരെ സ്വയംതൊഴിൽ കണ്ടെത്തുവാൻ സഹായിക്കുന്ന വിധത്തിൽ ട്രെയിനിംഗ്-കം-എംപ്ലോയ്മെന്റ്, അഡീഷണൽ അപ്രന്റീസ് എന്നിങ്ങനെ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ട്രെയിനിംഗ്-കം-എംപ്ലോയ്മെന്റ് സ്കീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 500 രൂപയും അഡീഷണൽ അപ്രന്റീസ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാനം 700 രൂപയും സ്റ്റൈപന്റ് നൽകുന്നു. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം പൂർത്തിയാക്കിയവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ കേരളാ ആട്ടോമൊബൈൽസ് പോലുള്ള സ്ഥാപനങ്ങൾ മുഖേന ട്രെയിനിംഗ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

24 (933) ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന ശുദ്ധജല വിതരണ പദ്ധതി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇതേവരെ ഗ്രാമീണ ജനതയുടെ 53% പേർക്കും നഗരസഭയുടെ 77.7% പേർക്കും മാത്രമേ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളു. 199 പ്രധാന ശുദ്ധജലവിതരണ പദ്ധതികളുടെ പണികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

"2000-ാം ആണ്ടോടെ എല്ലാപേർക്കും കുടിവെള്ളം" എന്ന ബൃഹത്തായ ഒരു പദ്ധതി സർക്കാർ അംഗീകരിച്ചു നടപ്പിലാക്കിവരുന്നു. ജല അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ ആണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. അതനുസരിച്ച് പണികൾ തുടങ്ങിവച്ച പദ്ധതികളിൽ നിന്നും 128 പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly